**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **05-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതിയും ആയതിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ 99.92 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം നിലവിൽ 41% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം 2026 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ 22.09.20211 തീയതിയിലെ സ.ഉ(കൈ) നം.168/2021/ആകുവ പ്രകാരം ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. സ്റ്റാഫ് നഴ്സ്- 11<br>2. ഫാർമസിസ്റ്റ് -1<br>3. ലോവർ ഡിവിഷൻ ക്ലർക്ക് -3<br>കൂടാതെ, 23.12.2025 തീയതിയിലെ സ.ഉ.(കൈ) നം.436/2025/ആകുവ പ്രകാരം ചുവടെ ചേർക്കുന്ന തസ്തികകൾ കൂടി സൃഷ്ടിക്കുകയുണ്ടായി.<br>1. ജൂനിയർ കൺസൾട്ടന്റ് -ജനറൽ മെഡിസിൻ -1<br>2. ജൂനിയർ കൺസൾട്ടന്റ് -ജനറൽ സർജ്ജറി -1<br>3. ജൂനിയർ കൺസൾട്ടന്റ് - പീഡിയാട്രിക്സ് -1<br>4. ജൂനിയർ കൺസൾട്ടന്റ് - അനസ്തേഷ്യ -1 |

സെക്ഷൻ ഓഫീസർ